# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.602** 29.01.2019 ൽ മറുപടിയ്ക്ക്

## മേൽപ്പുര സൗരോർജ്ജ പാനൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മേൽപ്പുര സൗരോർജ്ജ പാനൽ പദ്ധതി എന്തെന്ന് വിശദമാക്കാമോ; | (എ) | വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നു വരുന്നു. |
| (ബി) | ഇത്തരത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (ബി) | സോളാർ പാർക്ക് – 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി – 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി – 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ നേരിട്ട് നടപ്പിലാക്കുന്നു.<br><br>ഇതു കൂടാതെ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു. |

| | |
|---|---|
| ഗാർഹിക /കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യ-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

സെക്ഷൻ ഓഫീസർ